# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2503 05/11/2019-ൽ മറുപടിക്ക്

### ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു നടപടി

| | ചോദ്യം<br><br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതകളിൽ ഉൾപ്പെടെ റോഡുവികസനം നടന്ന് കാലങ്ങൾ കഴിഞ്ഞിട്ടും മാറ്റിസ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകൾ ഗതാഗതതടസ്സം സൃഷ്ടിച്ചും അപകടകരമായ വിധത്തിലും കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില പ്രദേശങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച സാഹചര്യം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | പ്രസ്തുത റോഡുകളുടെ പരിപാലന ചുമതലയുള്ള വകുപ്പുകളാണ് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിനു ചെലവാകുന്ന തുക അടയ്ക്കേണ്ടതുണ്ട്.<br>ചെലവാകുന്ന തുക അടയ്ക്കുന്ന മുറയ്ക്ക് അവ സമയബന്ധിതമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചില സ്ഥലങ്ങളിൽ റോഡുകൾ വീതി കൂട്ടി നവീകരിക്കുമ്പോൾ പ്രതികൂലമായ കാലാവസ്ഥ കാരണമോ, റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ബാക്കിയുള്ളതിനാലോ, സാധനസാമഗ്രികളുടെ അഭാവം മൂലമോ ഈ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. |
| (സി) | അപ്രകാരം അപകടകരമാംവിധം റോഡിൽ തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുക അടയ്ക്കുന്ന പ്രവൃത്തികൾ മുൻഗണന ക്രമത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കർശന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ